**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538** **28-06-2022 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | നിർമ്മാണ പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം കാരണം ഇൻകെൽ ലിമിറ്റഡ് ഉൾപ്പെടെയുള്ള ചില നിർവ്വഹണ ഏജൻസികളെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിൽ നിന്നും സർക്കാർ താൽക്കാലികമായി വിലക്കി നിർദ്ദേശം നൽകിയിരുന്നു. പുതിയ നിർവ്വഹണ ഏജൻസിയെ ടെൻഡർ നടപടികളിലൂടെ കണ്ടെത്തണമെന്ന നിർദ്ദേശം നല്കിയ സാഹചര്യത്തിൽ, അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും അവർക്കുള്ള സാങ്കേതിക മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കുന്നതിന് KSIE Ltd, SIDCO, HLL Life care, Forest Industries Travancore Ltd, KLDC Ltd, KPHCC Ltd, KSCC Ltd, KSHB, KITCO Ltd, Kerala State Nirmithi Kendra എന്നിവർക്ക് ട്രഷറി വകുപ്പ് നിർദ്ദേശം നൽകുകയും അക്രഡിറ്റഡ് ഏജൻസികളായ SIDCO, KSCC Ltd, KPHCC Ltd എന്നിവർ നിശ്ചിത പ്രൊഫോർമയിൽ അവരുടെ സാങ്കേതിക വിശദാംശങ്ങൾ, ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് എന്നിവ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിച്ച് മുണ്ടക്കയം സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിക്കുന്ന മുറയ്ക്ക് മുണ്ടക്കയം സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ DPR തയ്യാറാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ